(ബി) പ്രസ്തുത വിഷയത്തിൽ വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഗുരുതരമായ ഇത്തരം പ്രവൃത്തികൾ നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെസ്ലെ കമ്പനി ഉത്പാദിപ്പിക്കുന്ന മാഗ്ഗി നൂഡിൽസിൽ അനുവദനീയമായ അളവിലും കൂടുതലായി ലെഡിന്റെയും അജിനോമോട്ടോയുടേയും സാന്നിധ്യ മുള്ളതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പ് പഠനം നടത്തിയിട്ടില്ല.

(സി) നെസ്ലെ കമ്പനി ഉത്പാദിപ്പിക്കുന്ന മാഗ്ഗി നൂഡിൽസിൽ അനുവദനീയമായ അളവിലും കൂടുതലായി ലെഡിന്റെയും അജിനോമോട്ടോയുടെയും സാന്നിധ്യ മുള്ളതായി പരിശോധനാഫലം ലഭിച്ചതിനെ തുടർന്ന് രാജ്യവ്യാപകമായി പ്രസ്തുത ഉത്പന്നം പിൻവലിക്കുവാൻ വേണ്ട നിർദ്ദേശം ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് സംസ്ഥാനത്ത് കർശനമായി നടപ്പാക്കുവാനും കൂടാതെ അത്തരത്തിലുള്ള മുഴുവൻ ഉത്പന്നങ്ങളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുവാനും അനലറ്റിക്കൽ റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുവാനും വേണ്ട നിർദ്ദേശം എല്ലാ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർക്കും ഇതിനകം നൽകിയിട്ടുണ്ട്.

മാവേലിക്കര ജില്ലാ ആശുപത്രിയിലെ തസ്തികകളിലെ നിയമനം

67 (3498) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും തസ്തികകളിൽ ഉൾപ്പെടെ നൽകിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രി പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും വിശദമായ വിവരം ലഭ്യമാക്കുമോ ;

(സി) ആശുപത്രി പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര ജില്ലാ ആശുപത്രിയിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. അസിസ്റ്റന്റ് സർജൻ - 4
2. സ്റ്റാഫ് നഴ്സ് - 10
3. ഡെന്റൽ മെക്കാനിക്ക് - 1
4. ഫാർമസിസ്റ്റ് - 1

(ബി&സി) മാവേലിക്കര ജില്ലാ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 347 ആണ്. ടി ആശുപത്രി പൂർണ്ണ പ്രവർത്തനസജ്ജമാക്കുന്നതിന് ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുകളും ഉൾപ്പെടെ 113 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം

68 (3499) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാർ അടക്കമുള്ള സ്റ്റാഫിന്റെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാ ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണതോതിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഇവിടെ സർജറി വിഭാഗം പ്രവർത്തനക്ഷമമല്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; സർജനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് മാത്രമേ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണതോതിലേയ്ക്ക് ഉയർത്താനാകുകയുള്ളൂ. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly